LIBRARY ARCHIVES Kerala Legislative Assembly

ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി നീട്ടുന്നത്

279(3566) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനു വേണ്ടി നിയമിച്ച ടെക്നിക്കൽ അസ്സിസ്റ്റന്റുമാരുടെ കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇവർക്ക് നൽകിവരുന്ന ദിവസ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി, 8-10-2014 ലെ സ.(കൈ) നമ്പർ 171/2014/ത.സ്വഭവ. ഉത്തരവ് പ്രകാരം 31-3-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി&സി) ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നിലവിൽ പ്രതിമാസം 13,500 രൂപ കൺസോളിഡേറ്റഡ് വേതനം ആണ് നൽകി വരുന്നത്. വേതനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം

280 (3567) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വഴിയാത്രകാർക്ക് ഭീക്ഷണിയാകുന്ന ഇത്തരം നായ്ക്കളെ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) തെരുവ്നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?